*Celebrating Extraordinary Missionary Month October 2019…*

**Saturday, 19 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ആറാം ശനി

Lk 9:18-20 (പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം)

Fr. Winson Moyalan CMI

ഇന്ന് നാം വായിച്ചു കേട്ട പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം ഒരാൾക്ക് ചെയ്യാവുന്ന ഏറ്റവും വലിയ സുവിശേഷ പ്രഘോഷണമാണ്. കാരണം ഈ വെളിപ്പാട് അയാൾക്ക് ലഭിക്കുന്നത് യേശുവിനോടൊപ്പം ഇരുന്ന് തനിയെ പ്രാർത്ഥിച്ചപ്പോഴാണ്.
"നീ ദൈവത്തിന്റെ ക്രിസ്തുവാകുന്നു" എന്ന പത്രോസിന്റെ ഉത്തരം മാനുഷികമല്ല, (മാംസവും രക്തവുമല്ല) സ്വർഗ്ഗസ്ഥനായ പിതാവാണ് അവന് വെളിപ്പെടുത്തി കൊടുത്തത് (Mt 16:17).
യേശുവിന്റെ മാമ്മോദീസാ വേളയിലും (Lk 3:21f), രൂപാന്തരീകരണ വേളയിലും (Lk 9:28-36) ഉണ്ടായ സ്വർഗ്ഗസ്ഥനായ പിതാവിന്റെ വെളിപ്പെടുത്തൽ തന്നെയാണ് ശിഷ്യ പ്രമുഖനും ഇവിടെ ആവർത്തിക്കുന്നത്. പിതാവിനോട് സംസാരിച്ചുകൊണ്ടിരുന്ന യേശുവിനോട് ചേർന്നിരിക്കുമ്പോഴാണ് ഒരാൾക്ക് ദൈവീക ദർശനം ഉണ്ടാവുകഎന്ന് ചുരുക്കം.
എന്നാൽ യേശുവിന്റെ ഗത് സമേൻ പ്രാർത്ഥനാവേളയിൽ - "അവന്റെ ആത്മാവ് മരണത്തോളം ദുഃഖിതമായ ഒരു വേളയിൽ" (Mk 14:34) "ആത്മാവ് സന്നദ്ധമായിട്ടും ശരീരം ബലഹീനമായി" (38) ശിഷ്യർ ഉറങ്ങിപ്പോകുന്നു. ആ സമയം അവനെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽ നിന്നും ഉണ്ടായ ദൂതന്റെ പ്രത്യക്ഷീകരണാനുഭവം അവർക്ക് നഷ്ടമാവുകയും, തൽഫലമായി അത്യാവശ്യ സമയത്ത് അവനെ ഉപേക്ഷിച്ച് ഓടി പോവുകയും ചെയ്തു.
"ദൈവത്തിന്റെ ക്രിസ്തുവാണ് " എന്ന പത്രോസിന്റെ ഏറ്റുപറച്ചിൽ മറ്റുള്ളവരുടെ ഗ്രഹണ ശക്തിയ്ക്കതീതമായതിനാൽ അത് ആരോടും വെളിപ്പെടുത്തരുതെന്ന് (21) യേശു നിഷ്കർഷിക്കുന്നുണ്ട്. കാരണം യേശുവിന്റെ സഹിച്ച് - മരിച്ച് - ഉയിർക്കുന്ന ക്രിസ്തു രഹസ്യം ജനത്തിന് മനസ്സിലാകണമെന്നില്ല.
ഈ സത്യം ഗ്രഹിക്കാതെ അവനെക്കുറിച്ചു നടത്തുന്ന പ്രഘോഷണം നിരർത്ഥകവും, ഭോഷത്തവും, അനാവശ്യവുമായി തീരും. ശ്രോതാക്കളിൽ അത് യാതൊരു ചലനവും സൃഷ്ടിക്കുകയില്ല. കുരിശിന്റെ വഴിയിലൂടെ ഉയിർപ്പിലേയ്ക്കുള്ള അനുഗമനമാണ് യേശു ശിഷ്യന്റെ സഞ്ചാര പാത. ഈ അനുഭവമാണ് അവൻ പ്രഘോഷിക്കേണ്ടത്.
യേശുവിനെ പ്രഘോഷിക്കുമ്പോൾ ഉണ്ടാകാനിടയുള്ള ഏത് സഹനങ്ങളെയും സന്തോഷപൂർവ്വം ഏറ്റെടുക്കണമെങ്കിൽ യേശുവിലുള്ള നമ്മുടെ വിശ്വാസം - (സഹന - മരണ - ഉത്ഥാനനുഭവം) അത്രമേൽ ദൃഢതരമാകണം.

*Published by*
CMI General Department of Evangelization and Pastoral Ministry